# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7766 | 15.7.2014-ൽ മറുപടിയ്ക്ക്

**കാലപ്പഴക്കം ചെന്ന വഴിയോര മരങ്ങൾ മുറിച്ച് പുതിയ വൃക്ഷതൈകൾ നടുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എം.ഷാജി | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വഴിയോരങ്ങളിൽ നിൽക്കുന്ന കാലപ്പഴക്കംചെന്ന മരങ്ങൾ വീണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേർക്ക് അപകടം/പരിക്കുകൾ സംഭവിച്ചിട്ടുണ്ട് എന്നറിയാമോ ; എങ്കിൽ വെളിപ്പെടുത്തുമോ ; | | |
| ബി) കാലപ്പഴക്കംചെന്ന വഴിയോരമരങ്ങൾ യഥാസമയം മുറിച്ച് മാറ്റാത്തത് കാരണം ആൾനാശം കൂടാതെ വാഹന നാശം മുതലായ മറ്റ് നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപകടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ; | എ) യും ബി) യും | വിവരം ശേഖരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | കാലപ്പഴക്കം ചെന്ന വഴിയോരമരങ്ങൾ മുറിച്ച് മാറ്റി പുതിയ വൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | വഴിയോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലും, നിയന്ത്രണത്തിലുമാണ്. അതുകൊ ണ്ട തന്നെ കാലപ്പഴക്കം ചെന്നതും, ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതും ആയ വഴിയോരമരങ്ങൾ മുറിച്ച് മാറ്റുവാൻ നടപടി സ്വീകരിക്കേണ്ട ത് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനം ആണ്. ബന്ധപ്പെട്ട അധികൃതർ നൽകുന്ന അപേക്ഷ പരിഗണിച്ചും നിലവിലുള്ള സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) 68/2010/വനം വന്യജീവിവകുപ്പ്, തീയതി 10.02.2010 പ്രകാരം രൂപീകരിച്ചിട്ടുള്ള ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട കമ്മിറ്റിയുടെ പരിശോധനയിലും യുക്തമായ മരങ്ങൾ മുറിയ്ക്കുവാനുള്ള അനുമതി നൽകുന്ന നടപടി മാത്രമേ നിലവിൽ വനം വകുപ്പ് ചെയ്തുവരുന്നുള്ളൂ. ഇപ്രകാരം മരം മുറിയ്ക്കുവാൻ അനുമതി നൽശുമ്പോൾ പകരം പത്തിരട്ടി മരങ്ങൾ സ്ഥലത്തോ, പരിസരത്തോ നട്ടുപിടിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യാറുമു ണ്ട്. |

സെക്ഷൻ ഓഫീസർ